**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5318** **02-11-2021 - ൽ മറുപടിയ്ക്ക്**

**കർഷക ഭവനങ്ങളുടെ ജിയോ മാപ്പിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക ഭവനങ്ങളുടെ ജിയോ മാപ്പിംഗ് നടത്തുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (എ) | കർഷക ഭവനങ്ങളുടെ ജിയോ മാപ്പിംഗ് നടത്തുന്ന പ്രവൃത്തി പൂർണ്ണമായി പൂർത്തീകരിച്ചിട്ടില്ല. ഇതുവരെ 5,31,000 ന മേൽ ഭവനങ്ങളുടെ ജിയോ മാപ്പിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി മൃഗസംരക്ഷണമേഖലയിൽ പ്രയോജനം ചെയ്യുന്നതല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മൃഗസംരക്ഷണ വകുപ്പിലെ ജിയോ മാപ്പിംഗ് സംവിധാനത്തിൽ കർഷക ഭവനങ്ങളെ ഉൾപ്പെടുത്തിയത് മൂലം കർഷകരുടെ ഉരുക്കളെ ബാധിക്കുന്ന പകർച്ച വ്യാധികൾ, മറ്റ് രോഗങ്ങൾ എന്നിവ സംബന്ധിച്ച് സമയബന്ധിതമായി നിർദ്ദേശങ്ങൾ നൽകുന്നതിനും ആയതനുസരിച്ച് പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിനും കഴിഞ്ഞിട്ടുണ്ട്. ജിയോ മാപ്പിംഗ് സംവിധാനം പൂർത്തിയാക്കുന്നതോടുകൂടി അടിയന്തിര മൃഗചികിത്സയടക്കം വിവിധ സർക്കാർ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ ലഭ്യമാക്കാൻ സാധിക്കുന്നതാണ്. കൂടാതെ സംസ്ഥാനത്തെ ഏതെങ്കിലും മൃഗത്തിന് സാംക്രമിക രോഗബാധ ഉണ്ടായാൽ നിമിഷ നേരം കൊണ്ട് ടി മൃഗം നിൽക്കുന്ന പ്രദേശത്തിന് ചുറ്റുമുള്ള കർഷകരേയും അവരുടെ ഉരുക്കളേയും തിരിച്ചറിയുന്നതിനും, വേണ്ട മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നതാണ്. മാത്രമല്ല ഓരോ വർഷവും ഓരോ പ്രദേശത്തും പൊട്ടിപ്പുറപ്പെടാൻ സാധ്യതയുള്ള രോഗങ്ങളെപ്പറ്റി കർഷകർക്ക് മുൻകൂർ വിവരം നൽകാനും ആവശ്യമായ മുൻകരുതൽ സ്വീകരിക്കാനും വകുപ്പിനും സാധിക്കുന്നതാണ്. പ്രളയം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ പ്രസ്തുത വീടുകളിൽ അടിയന്തിര സേവനം എത്തിക്കുന്നതിനും ഇത് പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ വകുപ്പിലെ |

| | | | |
|---|---|---|---|
| | | | ഏതൊരു ഫീൽഡ് തല ജീവനക്കാരനും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഏതൊരു കർഷകന്റെ വീട്ടിലും ഭൂമിക മൊബൈൽ ആപ്പിന്റെ സഹായത്തോടുകൂടി പരസഹായം ഇല്ലാതെ കൃത്യമായി എത്തിച്ചേരാൻ കഴിയുന്നതാണ്. നിലവിൽ വകുപ്പ് നടപ്പിലാക്കുന്ന എമർജൻസി നൈറ്റ് സർവ്വീസിലെ ഡോക്ടർമാർക്ക് സഹായം ആവശ്യമുള്ള കർഷകരുടെ വീട്ടിൽ കൃത്യമായി എത്തിച്ചേരുന്നതിന് ഇത് ഉപകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ